9. Mr. E. Ikkanda Warriar
10. Mr. A. Eachara Menon
11. Mr. C. Kunhan Nambudiripad
12. Mr. C. Ittiravi Nambudiripad
13. Mr. N. Govinda Pai
14. Mr. P. V. Raphael
15. Mr. V. K. Aravindaksha Menon
16. Mr. I. N. Menon
17. Mr. B. V. K. Menon
18. Mr. V. K. Kutty
19. Mr. N. S. Radhakrishna Sarma
20. Mr. M. Raman Menon
21. Rama Varmha Tampuran
22. Dr. T. Verghese
23. Mr. C. J. Mathew
24. Mr. T. Nayarana Menon
25. Mr. C. Karunakaran Nayar and
26. Mr. M. Narayana Menon

11 for and 26 against

RESOLUTION No. 39

Opening of a canal for draining Kizhakkumpuram padam and Karingachira padam nilams

"This Council recommends to the Government that a canal may be opened for draining the Kizhakkumpuram padam and Karingachira padam nilams in the Thiruvankulam village"

Mr. V. J. Mathai *(Planters):* Sir, the matter is wellknown to this House and I do not propose to make a long speech. The Kizhakkumpuram padam is a vast extent of paddy fields, the exact acreage of which I expect the Chief Engineer to give. This lies in the Thiruvankulam and other contiguous villages and to make it more popularly known I may say that when you go to Chottanikara you will see a portion of that. That paddy field practically encircles the Chottanikara hills. You might have noted that it is practically a single crop *nilam*. The reason is this. The whole area is hilly and it so happens that the water from the Travancore side also comes to this side. There is practically no outlet from the *padam* to the west. The next *padam* is Karingachira. These series of *nilams* are practically surrounded by hills and the water flows only through Chithrappuzha, so that in fact you want drainage. If you give drainage facilities, all these lands will become double crop lands. You hear the propaganda for the creation of more food stuffs. For this you need only open a canal. The Karingachira padam is waterlogged every year. The whole extend of *nilams* from Karingachira to Keecheri will be tens of thousands of paddy fields; I dare say that a minimum of 15,000 *paras* of paddy fields. If a canal is dug instead of the single crop we get now, double crops can be obtained which will be something to alleviate the condition of the poor, by obtaining nearly a lakh of *paras* of paddy. I think, the Chief Engineer knows all these things. Another important thing is that we will be opening a canal for traffic directly for the villages of Nadamel, Thekkumbhagom, Thiruvankulam, Kanayannur, Mulanthuruthi, Amballur, Kulayettikkara, Kaippattur and Keecheri. Nowadays boats have to go through Travancore territory. Taking of certain articles through Travancore is prohibited, for example, tobacco. Then several articles cannot be taken through backwater without a permit. Now by this we will be opening up a direct canal through Cochin territory.

During summer season you will have to put a *"Cheerppu"*. But you can open it at times or you can even close it for the duration. But the fact becomes more important when the ten villages are easily connected with the backwater. For these reasons then, firstly because of the increase in food production secondly since it will be important to the rural population and thirdly since it opens up an easier and better means of navigation, I press this motion for the acceptance of this House.

മിസ്റ്റർ വി. കെ. കട്ടി: ഇതിന്ന എത്ര ചിലവുവരും?

മിസ്റ്റർ വി. ജെ. മത്തായി: ചിലവു വളരെ കൂടുതലുവരികയുള്ളൂ.

മിസ്റ്റർ വി. കെ. കട്ടി: I second the resolution. ഈ കനാലിന്ന എത്ര ചിലവു വരുമെന്ന ഗവർമ്മെണ്ടിന്നു പറയുവാൻ ഭയമുണ്ടാകുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അറുപതിനായിരം ഉറുപ്പിക ചിലവുവരും.

Mr. T. P. Poulose *(Kanayannur):* I support this resolution. It is unnecessary to dwell upon what the mover has stated. Anyhow this is a canal much to the use of the public there. Last month when the Hon'ble Minister was addressing a meeting there about food production this was one of the demands put forward by the people. I request the Chief Engineer will take the matter into consideration.

Mr. V. K. Aravindaksha Menon *(Chief Engineer):* Sir, the question of this canal has been under the consideration of Government for many years. The area served by this canal is

LIBRARY ARCHIVES Kerala Legislative Assembly

from Vettuveli *chira* in the north and extends as far as the Konath bund in the south. The lands in this area are known as *kari nilams*. It has been the complaint that this area is flooded during rainy seasons and the floods cause destruction of crops. What are the reasons for this destruction? One is, the water from Chithrapuzha which drains 200 square miles and second the local rain fall. The main scheme devised was the construction of a canal leading to the backwaters. That has been investigated. The estimate comes to Rs. 52,000. A revised estimate comes to 60,000 rupees. When this question came to my notice, what I thought was that before we constructed the canal, we should strengthen the Vettuveli *chira* to check the overflow of water. By this, one of the reasons for the flood will be stopped. After that work we examined how far this work had been beneficial to the cultivation. From the bare standpoint of agriculture the question of canal may be taken up. The Government have approved of that suggestion and they have asked me to go on with the improvement of Vettuveli *chira* which costs Rs. 14,000. And by doing it we will also be getting a road from Irumpanam to Eroor. That work is going on. The question of opening a canal for draining the Kizhakkumpadam and Karingachira *padam nilams* in the Thiruvankulam village must be held in abeyance.

About the question of navigation we may look at the merchandise which might go through this canal. We find, when calculated at the rate of certain incomes the amount will come to about Rs. 1,500 a year which will not be a very good income against a capital of 60 or 65 thousand rupees.

Then the question of safeguarding lands at Karingachira from floods. It is well-known that the majority of water goes through the Chithrapuzha. If the bund at Vettuveli is strengthened and raised the question of destruction by floods would be greatly minimised. I think by this improvement the desired object can be achieved. The Government are not against the construction of the canal. The strengthening of the Vettuveli *chira* is enough.

Mr. T. P. Poulose *(Kanayannur)*: May I know, Sir, the strengthening of Vettuveli *chira* would be useful to the Kizhakkumpuram *padam*?

Mr. V. K. Aravindaksha Menon *(Chief Engineer)*: No. That question has not been taken up. The area affected by that has been safeguarded by the construction of the bund *Koonananjali*.

Mr. T. P. Poulose *(Kanayannur)*: That is for the purpose of preventing salt water entering the fields.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.—ഇതു് ഇറിഗേഷൻ ബോർഡിൽ പെടുന്നതാണൊ?

Mr. C. V. Iyyu *(Kunnamkulam)*: Is it not better that this matter be taken into consideration by the Irrigation Board? The only member here is Mr. Ramachandra Ayyar. I request Mr. Ramachandra Ayyar to represent this very important matter before the Irrigation Board.

മിസ്റ്റർ വി. കെ. കൂട്ടി: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. യുദ്ധം ആരംഭിച്ചതോടുകൂടി ആഹാരസാധനങ്ങൾക്കു ദുർലഭം നേരിടുമെന്നുകണ്ടു രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഉല്പന്നങ്ങൾ വർദ്ധിപ്പിച്ചു് ജനങ്ങളുടെ ബുദ്ധിമുട്ടുകളെ പരിഹരിക്കുവാൻ ഒരു ഭക്ഷ്യോല്പാദനപദ്ധതി നമ്മുടെ നാട്ടിൽ പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുകയാണല്ലോ. അതിന്റെ പ്രവർത്തനം എത്രമാത്രം വിജയകരമായിരിക്കുമെന്നു ഇപ്പോഴും എനിക്കു ധൈര്യമായി പറയുവാൻ നിവൃത്തിയില്ല. എങ്കിലും ഇപ്പോൾ അതിന്റെ ആരംഭഘട്ടമായതുകൊണ്ടു് ഞാൻ അതിനെപ്പറ്റിയൊന്നും പ്രസ്താവിക്കുന്നില്ല. ഇപ്പോൾ രാജ്യത്തുള്ള നിലങ്ങളിലെല്ലാം കൃഷിചെയ്യുവാനുള്ള സൌകര്യം ചെയ്തുകൊടുക്കാത്തതുകൊണ്ടാണു് ഇവിടെ ആഹാരസാധനങ്ങൾക്കു ദുർലഭം നേരിട്ടിരിക്കുന്നതു് എന്നുള്ളതിനു ഈ റസലൂഷൻതന്നെ ഒരു തെളിവാണു്. കൃഷിയെ സംബന്ധിച്ചു എത്ര റസലൂഷൻ വന്നാലും അതു ഇറിഗേഷൻ ബോർഡിലേക്കു തള്ളും; അല്ലെങ്കിൽ അതിനു ഗവർമ്മെണ്ടിൽനിന്നു ഒരു മറുപടിപോലും. അതാണു് സാധാരണ പതിവു്. ഇങ്ങിനെയുള്ള മാമൂൽ നടപടികൊണ്ടു് നമ്മുടെരാജ്യത്തു കൃഷിക്കു അഭിവൃദ്ധിയില്ലാതായി; ക്ഷാമവും നടമാടുന്നു. കൃഷിക്കു ഈ സൌകര്യം ചെയ്തുകൊടുക്കുന്നപക്ഷം നെല്ലു ധാരാളമുണ്ടാകുമെന്നു ബഹുമാനപ്പെട്ട തോട്ടക്കാരുടെ മെമ്പർ പറയുന്നു. ബഹുമാനപ്പെട്ട കുന്നുകുളം മെമ്പർ പറയുന്നു ഇതു ബോർഡിലേക്കുതള്ളുവാൻ.

മിസ്റ്റർ സി. വി. ഇയ്യു: ഇതു ബോർഡിലേക്കു തള്ളുവാനല്ല പറയുന്നതു്.

മിസ്റ്റർ വി. കെ. കൂട്ടി: കാഷ്ടിക പ്രശ്നങ്ങൾ ഇറിഗേഷൻ ബോർഡിലേക്കു മാറ്റിവെച്ചുകൊണ്ടു പ്രവർത്തിക്കുവാൻ ഗവർമ്മെണ്ടു് വിചാരിക്കുന്നുണ്ടെങ്കിൽ കൃഷിയെ സംബന്ധിച്ചിടത്തോളം കൃഷിക്കാരുടെ ഇഷ്ടംപോലെയായിക്കൊള്ളട്ടെ എന്നുവെക്കുകയാണു് നല്ലതു്. ഈ കൌൺസിൽ ആരംഭിച്ചതിനുശേഷം വളരെ സ്കീമുകൾ ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. ബഹുമാനപ്പെട്ട പൊതുമരാമത്തുമെമ്പർതന്നെ വളരെ സ്കീംസു് ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ആ സ്കീംസിൽ ഒരെണ്ണമെങ്കിലും ഗവമ്മെണ്ടിനു് വക്കുചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ഇങ്ങിനെയായാൽ യാതൊരു നിവൃത്തിയുമില്ല. ഫുഡ്പ്രൊഡക്ഷൻ സ്കീം മുഖേന ഇവിടെ എന്തുചെയ്യുവാൻ സാധിക്കും ? കൊള്ളിമുതലായവ കൃഷിചെയ്യുന്നതിനു ഗവമ്മെണ്ടിൽനിന്നു പണം കൊടുക്കാമെന്നുപറഞ്ഞിട്ടുണ്ടു്. ഈ ഇടവം ഫർ-ാംസ്-യോടുകൂടി കൃഷിയിറക്കണമെന്നാണു് വ്യവസ്ഥ. പണം കിട്ടിയാലെ കൃഷിനടത്തുവാൻ സാധിക്കയുള്ളു. എന്നാൽ അതിനു പണം സാംഗ്ഷനായിട്ടില്ല. പണത്തിന്റെ കായ്മും പിന്നെ പറയാമെന്നാണു് പറയുന്നതു്. ഇതാണൊ പ്രായോഗികവശമെന്നു ഇതിനെപ്പറ്റി ആലോചിച്ചപ്പോൾ എനിക്കുതോന്നി. ഇപ്പോഴുള്ള സ്ഥലത്തു കൃഷിചെയ്യുവാനുള്ള സൌകര്യം ഉണ്ടാക്കികൊടുക്കുന്നതായാൽ അതുവളരെ ഉത്തമമായിരിക്കും. മിസ്റ്റർ മത്തായി പറയുന്നു ഈ ഒരു കനാൽ ഉണ്ടാക്കുന്നപക്ഷം വളരെ ഏക്കർ സ്ഥലത്തു കൃഷിചെയ്യുവാൻ സൌകര്യമുണ്ടാകുമെന്നു്. അതുകൊണ്ടു പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന സൌകര്യം നൽകി കാഷ്ടികമായും, ഗതാഗതസംബന്ധമായും ആ ഭാഗത്തു വേണ്ടതു പുരോഗതി ഉണ്ടാവാൻ ഗവമ്മെണ്ടു് സഹായിക്കേണ്ടതാണു്. ഇങ്ങിനെയുള്ള പദ്ധതികൾ രാജ്യത്തിനു പൊതുവെ ക്ഷേമകരമാണെന്ന വസ്തുതയും വ്യക്തമാണു്.

മിസ്റ്റർ സി. വി. ഇയ്യു : മിസ്റ്റർ പ്രസിഡണ്ടു്, സർ, ഞാൻ ഒരു കർഷകനാണു്. കഴിഞ്ഞ ഇറിഗേഷൻ ബോർഡിൽ മൂന്നുകൊല്ലത്തോളം മെമ്പറുമായിരുന്നു. തൃശ്ശിവപേരൂർ താലൂക്കിലും തലപ്പള്ളി താലൂക്കിലും ഇറിഗേഷൻ പ്രോജക്ടസ്സു് വളരെ വേണമെന്നു് ഞാനും ബഹുമാനപ്പെട്ട അന്തിക്കാട്ടു് മെമ്പറും ബാക്കി ഉണ്ടായിരുന്ന കൌൺസിൽ മെമ്പർമാരല്ലാത്ത രണ്ടുപേരും കൂടി അന്വേഷിച്ചു ഗവമ്മെണ്ടിലേക്കു് റിപ്പോർട്ടുചെയ്തിട്ടുള്ളതാണു്. ഇപ്പോൾ കൊച്ചിരാജ്യത്തെ ഒട്ടാകെ ബാധിച്ച ഇറിഗേഷൻ ബോർഡിലേക്കു് ഈ നിയമസഭയിൽ നിന്നുതന്നെ മെമ്പർമാരെ തിരഞ്ഞെടുത്തിട്ടുണ്ടു്. അതിൽ ജലവിതരണപദ്ധതികളെ സംബന്ധിച്ചു് ഏറ്റവും പരിചയവും, പ്രാക്ടിയുമുള്ള ഒരു മെമ്പർ ഈ കൌൺസിലിൽതന്നെയുണ്ടു്. അന്തിക്കാട്ടു് മെമ്പറും പോരെങ്കിൽ ഈ വിഷയത്തിൽ ധാരാളം പരിചയമുള്ള നെല്ലായി മെമ്പറും ഇപ്പോഴത്തെ ബോർഡിൽ ഉണ്ടു്.

മിസ്റ്റർ വി. ജെ. മത്തായി : നെല്ലായി മെമ്പർ നെല്ലായി മുഴുവനും നന്നാക്കീട്ടുണ്ടു്.

മിസ്റ്റർ സി. വി. ഇയ്യു : അദ്ദേഹം ചിറ്റൂർ താലൂക്കിലുള്ള ജലസേചനപദ്ധതികളെക്കുറിച്ചു് നല്ല പരിചയമുള്ള ആളാണു്. ഗവമ്മെണ്ടു് കഴിയുന്നതും ഇങ്ങിനെയുള്ള റസലൂഷൻസ് വന്നാൽ അതു് ഇറിഗേഷൻ ബോർഡിലേക്കു് അയക്കുകയെന്നു പറഞ്ഞു അതു് Disallow ചെയ്യണം. ഇന്ന സ്ഥലത്തു ഒരു റോഡു് വേണമെന്നാവശ്യമുണ്ടെങ്കിൽ അതു് ആരോടാണു് പറയേണ്ടതു് ? റോഡു് ബോർഡിനോടു് പറയണം. അതുകൊണ്ടു് ഇങ്ങിനെയുള്ള റസലൂഷൻസ് ഇവിടെ ആലോചനക്കെടുത്തു് ഈ സഭയുടെ സമയം കളയരുതെന്നു് എനിക്കപേക്ഷയുണ്ടു്. അതും ഇറിഗേഷനിൽ പെട്ടതാണു്. ജലസേചനപദ്ധതിയും, ജലനിർഗ്ഗമനപദ്ധതിയുമെല്ലാം ഇറിഗേഷനിൽ പെട്ടതാണു്. ഇങ്ങിനെയുള്ള റസലൂഷൻസ് വന്നാൽ അതു ഇറിഗേഷൻ ബോർഡിലേക്കു് അയക്കണമെന്നു് ഞാൻ പ്രസിഡണ്ടു് അവർകളോടു് അപേക്ഷിക്കുന്നു. എനിക്കു് ഇത്രമാത്രമെ പറയുവാനുള്ളു.

മിസ്റ്റർ വി. ജെ. മത്തായി : സർ, ഈ സംഗതി വാഗ്വാദത്തിൽ എത്തിയതുകൊണ്ടു് ചില സംഗതികൾ ഞാൻ സാധാരണ പറയാവുള്ളതുപോലെ തുറന്നു പ്രസ്താവിക്കാതെ തരമില്ല. ഇവിടെ ഒരു ഇറിഗേഷൻ ബോർഡുണ്ടു്. റോഡു ബോർഡുണ്ടു്. അതുകൊണ്ടു് ഇവിടെയുള്ള ഇറിഗേഷൻ സംഗതികളൊക്കെയൊ റോഡിന്റെ കായ്ങ്ങളൊ ശരിയായി പോകുമെന്നു പറയുന്നതു മുഴുവൻ കേട്ടുകൊണ്ടു് പോകുവാൻ ഞാൻ തയ്യാറില്ല. അതിന്റെ സ്ഥിതിയെന്താണെന്നു നെല്ലായിയിൽ ചെന്നു നോക്കിയാൽ അറിയാം. അവിടെ എം. എൽ. സി.തോട്ടു്, എം. എൽ. സി. റോഡു്; എം. എൽ. സി. പാലം എന്നൊക്കെ കാണാം. ഇതു പറയുന്നതുകൊണ്ടു് ആരും മുഷിയരുതു്. ഇതു എങ്ങിനെ വന്നു എന്നുവെച്ചാൽ ആദ്യം പാലമില്ലാത്ത സ്ഥലത്തു റോഡുണ്ടാക്കും. പിന്നീടു ആ റോഡു് മുട്ടിക്കുന്നതിനു പാലമുണ്ടാക്കും. അതുപോലെ റോഡില്ലാത്ത സ്ഥലത്തു പാലമുണ്ടാക്കിയിട്ടു കുറെക്കഴിഞ്ഞിട്ടു് അവിടെ റോഡുണ്ടാക്കും. ഇങ്ങിനെയായിട്ടു ഇപ്പോൾ നെല്ലായിയിൽ ചെന്നാൽ റോഡുകൊണ്ടു് നടക്കുവാൻ പാടില്ല. ഇതു തുറന്നു ഞാൻ പ്രസ്താവിക്കയാണു് ചെയ്യുന്നതു്. യഥാർത്ഥത്തിൽ എന്താണു് ഇതിനു കാരണം. ഈ പ്രജായത്ത ഭരണകാലത്തു പൊതുജനങ്ങളുടെ വോട്ടുകൊണ്ടുവേണം ഈ കൌൺസിലിൽ ഒന്നു കയറിപ്പറ്റുന്നതിനു്. സാധാരണ രീതിയിൽ പ്രജായത്ത ഭരണപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഒരുവൻ അവനു വോട്ടുകൊടുത്ത വോട്ടർമാരോടു് അടിമപ്പെട്ടുപോകും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം: അതുകൊണ്ടാണ് ഈ പ്രമേയം കൊണ്ടുവരുന്നത്.

മിസ്റ്റർ വി. ജെ.മത്തായി: അതിനെപ്പറ്റി പറഞ്ഞാൽ മുഷിയും. അതുകൊണ്ട് മിണ്ടാതിരിക്കുന്നാൽ നന്ന്. ഇപ്പോഴത്തെ ഇറിഗേഷൻ ബോർഡിന്റെ ഘടനയെപ്പറ്റി എനിക്കാക്ഷേപമുണ്ട്. ഈ ബോർഡിലേക്ക് ഓരോ താലൂക്കിൽനിന്നും ഓരോ മെമ്പർമാരെ തിരഞ്ഞെടുത്തയച്ചാൽ തരക്കേടില്ല. ചില തല്ലുകാല യോജിപ്പുകൊണ്ട് തിരഞ്ഞെടുപ്പിൽ ഒരു സ്ഥലത്തുനിന്ന രണ്ടു മൂന്നാളുകൾ ഇതിൽ ചിലപ്പോൾ കയറിപ്പറ്റും. അവരവരുടെ നിയോജക മണ്ഡലം നന്നാക്കുന്നതിൽ അവരവർ ശ്രമിക്കും—ഞാൻ കുറമല്ല പറയുന്നത്. അന്തിക്കാട്ട് മെമ്പർക്ക് അന്തിക്കാട്ട് ആവശ്യമുള്ള കാര്യങ്ങൾ നല്ലവണ്ണം അറിയാം. അതുകൊണ്ട് അദ്ദേഹം അവിടത്തേക്കു വേണ്ടതു ചെയ്യുന്നു. അനുഭവം അങ്ങിനെയാണ്. എന്നാൽ ഗവമ്മെൻറിന്റെ വോട്ടിന്റെ പോകേണ്ട ആവശ്യമില്ല. കൊച്ചി ഗവമ്മെണ്ടിന് ഒട്ടാകെ ഒന്നുനോക്കി ഏതാണ് കൂടുതൽ ആവശ്യമുള്ളത്, ഏതാണ് ജനങ്ങൾക്ക കൂടുതൽ ഗുണമുള്ളത്, അതു കൊടുക്കുവാനും ഏതാണ് കൂടുതൽ ആവശ്യമില്ലാത്തതു അതു കൊടുക്കാതിരിക്കുവാനും സാധിക്കും. ചില പ്രത്യേക സംഗതികളിൽ വളരെ നിലവിളിച്ചിട്ടും ഫലമില്ലെന്നുകണ്ടാൽ അതു ഗവമ്മെണ്ടിനോട് പറയാതെ നിവൃത്തിയില്ല. ഇറിഗേഷൻ ബോർഡുകൊണ്ട് ഈ കാര്യം സാധിക്കാത്തതുകൊണ്ടാണ് ഗവമ്മെണ്ടിനോട പറയുന്നത്. ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ അവർകൾതന്നെ പറയുന്ന ഇതുവളരെ ആവശ്യമുള്ളതാണെന്ന്. ഈ പ്രമേയം നിയമസഭ മുഖാന്തിരം പാസ്സാക്കുവാൻ വിചാരിക്കുന്നതിൽ വിരോധമുണ്ടെന്ന എനിക്കു തോന്നുന്നില്ല.

Mr. V. K. Aravindaksha Menon *(Chief Engineer):* I did not say it is a very useful thing.

മിസ്റ്റർ വി. ജെ. മത്തായി: എന്റെ പോയിൻറ് എന്താണെന്നുവെച്ചാൽ ഇറിഗേഷൻ ബോർഡ് ഇതു സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി ഞാൻ ആരോടാണ് ഇതു ചോദിക്കേണ്ടതു?

Mr. V. K. Aravindaksha Menon *(Chief Engineer):* The Irrigation Board has not considered the question of the canal in this resolution. I was not a member of the Board before.

മിസ്റ്റർ വി. ജെ. മത്തായി: ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ അവർകളോട് ഞാൻ കൃതജ്ഞതയുള്ളവനായിരിക്കുന്നു. ഇങ്ങിനെയുള്ള പദ്ധതികൾ നടപ്പിൽ വരുത്തേണ്ടതും പണം ചിലവാക്കേണ്ടതും ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ അവർകളാണ്. അദ്ദേഹത്തെക്കൂടാതെയുള്ള ഇറിഗേഷൻ ബോർഡ്.....

Mr. V. K. Aravindaksha Menon *(Chief Engineer):* Now I am a member.

മിസ്റ്റർ വി. ജെ. മത്തായി: എങ്ങിനെയായാലും ഒന്നു തീച്ചയാണ്. മിസ്റ്റർ പണിക്കരും അറിയാം, മിസ്റ്റർ ഇബ്രാഹിമിനുമറിയാം നമ്മുടെ രാജ്യത്തു ഒരു ബോർഡിനു എത്ര മാത്രം ശക്തിയുണ്ടെന്നും ഒരു കാര്യത്തിനുവേണ്ടി എത്ര ശുപാർശകൾ ഇവിടെ ചെയ്താലും അതൊക്കെ ഗവമ്മെണ്ട് നിരാകരിക്കുപ്പെടുമെന്നും. നമ്മുടെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രസിഡണ്ട് അവർകൾ പറയുന്നതുപോലെ നാം ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഒരു പ്രായോഗികവശമെടുക്കണം. പ്രായോഗികവശം നാമെടുത്തു അവരെ ഉണർത്തണം. അതുകൊണ്ട് ഇങ്ങിനെയുള്ള ഒരു പ്രമേയം ഇവിടെ കൊണ്ടുവന്നതു മൌഢ്യമാണെന്നു പറയുന്നതു സമ്മതിച്ചുകൊടുക്കുവാൻ എനിക്കത്ര മൌഢ്യമില്ല. ഗവമ്മെണ്ടിനോട് നമ്മുടെ കാര്യങ്ങൾ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുക. എന്നാൽ ഒരിക്കൽ അതിന്നു ഗവമ്മെണ്ട് പ്രാധാന്യം കൊടുക്കുകയും അതു സാധിച്ചു കിട്ടുകയും ചെയ്യും.

ഇനി അതിനെപ്പറ്റിയൊന്നും പറയാനില്ല. സംഗതിക്കു കുറെ പ്രാധാന്യം വരണമെന്നു കരുതി ഇത്രയും എടുത്തു പറഞ്ഞതാണ്. ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ അവർകളും പറഞ്ഞു ഇതു വളരെ ഗുണമുള്ളതാണെന്ന്. പതിനാറായിരം ഉറുപ്പികയെ ഇതിന്നു ചിലവു വരികയുള്ളൂ. ഏകദേശം അറുപതിനായിരത്തിൽ ചില്ലാനം പറ നെല്ല അവിടെ നിന്നു നമുക്കു കിട്ടും. എത്ര കോഴിയുടെ മുട്ട കിട്ടിയാലാണ് നമുക്കു അറുപതിനായിരം പറ നെല്ലിന്റെ വില കിട്ടുക; എത്രത്തോളം കൊള്ളികുഴി ചെയ്താലാണ് നമുക്കു അറുപതിനായിരം പറ നെല്ലിന്റെ വില വീടുക; എത്ര തേനീച്ചയുടെ തേൻ കിട്ടിയാലാണ് ഈ അറുപതിനായിരം പറ നെല്ലിന്റെ വില കിട്ടുക എന്നുള്ള സംഗതികൾ ഗവമ്മെണ്ട് ആലോചിക്കണം. ഇതിന്നു ബമ്മയിൽനിന്നു അരികൊണ്ടുവരുന്നതിനുള്ള ചിലവു വരുന്നില്ല. ഇതിൽനിന്നു അറുപതിനായിരം പറ നെല്ലാണ് നമുക്കു കിട്ടുന്നതു എന്ന സംഗതിയാണ് പ്രത്യേകം ആലോചിക്കുവാനുള്ളതു. അതുകൊണ്ട് ഗവമ്മെണ്ടിനെ തോല്പിക്കുവാൻ വേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിയല്ല, റിക്കാർഡിൽ പതിഞ്ഞു കിടക്കുവാൻവേണ്ടി ഞാൻ ഈ റസല്യൂഷൻ ഇവിടെ പ്രസ്തു ചെയ്യുന്നു.

Resolution put and carried.

RESOLUTION No. 40

Bettering the condition of Sub-Jails

Mr. Puthur Achyuta Menon *(Kattur): "This Council recommends to the Government that early steps be taken to better the conditions of the Sub-Jails of the State"* This is my resolution. സർ, ഒരു പ്രസംഗത്തിന്റെ പിൻതുണകൂടാതതന്നെ നില്ക്കുവാൻ കെൽപ്പുള്ള ഒരു പ്രമേയമാണു് കൊച്ചി നിയമസഭയുടെ ആലോചനക്കു ഞാൻ സമർപ്പിക്കുന്നതെന്നു് എനിക്കു ദൃഢമായ വിശ്വാസമുണ്ടു്. പരമാർത്ഥത്തിൽ കൊച്ചിയിലെ കോടതികളിൽ നടക്കുന്നതായ ക്രിമിനൽ നടപടികളും കഴിഞ്ഞു്, സെൻട്രൽ ജയിലിൽ പോകുന്നതിനുമുമ്പുതന്നെ ശിക്ഷ ഏതാണ്ടു് അനുഭവിച്ചു തീരത്തക്ക നിലയിലാണു് കൊച്ചിരാജ്യത്തെ സബ്ബ്ജയിലുകളുടെ ഇന്നത്തെ നിലയെന്നു് ഇവിടത്തെ മെമ്പർമാരോടു പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല. പല കേസ്സുകളുംകഴിഞ്ഞു മുന്നകിൽ ശിക്ഷിക്കുകയൊ, അല്ലെങ്കിൽ രക്ഷിക്കുകയൊ ചെയ്യുമെന്നുള്ള സ്ഥിതി വരുമ്പോൾ ആ കേസ്സിൽ ചാർജ്ജു് ചെയ്തിരുന്ന എത്ര ആളുകളെ ശിക്ഷിക്കുവാൻ കിട്ടുന്നുണ്ടെന്നു് ഒരു കണക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും എടുക്കുമ്പോൾ എന്റെ ഈ പ്രമേയം എത്ര പ്രാധാന്യമുള്ളതാണെന്നു് കാണാവുന്നതാണു്. കേസ്സു ചാർജ്ജു് ചെയ്തിട്ടുള്ളവരിൽ വളരെ വളരെ ആളുകൾ സബ്ബ്ജയിലുകളിൽ കിടന്നു മരിച്ചുതായി കൊച്ചിയിലെ പോലീസ്സു ഭരണത്തിന്റെ റിപ്പോർട്ടു് എടുത്തു നോക്കിയാൽ നമുക്കു അറിയാവുന്നതാണു്. സബ്ബ്ജയിലിന്റെ അകത്തു കിടന്നു ആളുകൾ മരിക്കുന്നതു് എങ്ങിനെയാണെന്നു് വിചിന്തനം ചെയ്യേണ്ട ഒരു സന്ദർഭമല്ല ഇതു്. എന്നാൽ സബ്ബ്ജയിലിനകത്തുകിടന്നു് മരിക്കുന്നതിന്റെ പ്രധാനകാരണം കൊച്ചിയിലെ സബ്ബ്ജയിലുകളുടെ ദയനീയസ്ഥിതിയാണെന്നു് സമ്മതിക്കാതെ നിവൃത്തിയില്ല. കൊച്ചിയിലെ ഏതെങ്കിലും ഒരു സബ്ബ്ജയിലിൽ വേണ്ടതുപോലെ സൌകര്യമൊ, സ്ഥലമൊ ഉണ്ടെന്നു പറയുവാൻ സാധിക്കുന്നതല്ല. അങ്ങിനെയുള്ള ഒരു സ്ഥിതി മാറേണ്ടതു് എത്രയും അത്യാവശ്യമാണു്.

പ്രമാദമായ ക്രിമിനൽകേസ്സുകളിലെ വിധികളിൽ ബഹുമാനപ്പെട്ട കോടതികളിൽ നിന്നുതന്നെ പറയുന്നതു് ഒരു മനുഷ്യൻ കുറ്റക്കാരനാണെന്നുവെച്ചു ചാർജ്ജു് ചെയ്തിരുന്നാലും അയാളെ ശിക്ഷിക്കുന്നതുവരെ കുറ്റക്കാരനാണെന്നു പറയുവാൻ നിവൃത്തിയില്ലായെന്നാണു്. പ്രമാദമായ ഒരുകേസ്സു ആലോചനയിലിരിക്കുമ്പോൾ ആ കുറ്റക്കാരനെ ശിക്ഷിക്കുന്നതുവരെ ജഡ്ജിതന്നെ അയാളോടു മൃദുഭയായി പെരുമാറണമെന്നുണ്ടു്. "The Judges are expected to be lenient to the accused at least till they are convicted for there is no proof that they are guilty" എന്നാണു പറയുന്നതു്. യഥാർത്ഥത്തിൽ ഒരാൾ കുറ്റക്കാരനാണെന്നു തെളിവില്ലെങ്കിലും കുറ്റക്കാരനല്ലെന്നു തെളിയുന്നതുവരെ അയാൾക്കു ജയിലിൽകിടക്കേണ്ടിവരും. കുറ്റക്കാരനാണെങ്കിലും ശിക്ഷവരേക്കും ജയിലിൽ കിടക്കണം. സർവ്വവിധത്തിലും പുരോഗമനപരമായി പ്രവർത്തിച്ചുവരുന്നുവെന്നു പറയുന്ന കൊച്ചി ഗവൺമെണ്ടു്, വിപ്ലവപരമായ ഭരണപരിഷ്കാരങ്ങൾ വരുത്തി മറ്റുരാജ്യങ്ങളെ പിന്നിലാക്കുന്നു എന്നഭിമാനിക്കുന്ന കൊച്ചിഗവൺമെണ്ടു്, ഈ കാര്യത്തിലാണു് ആദ്യമായി പരിശ്രമിക്കേണ്ടതു്. നിങ്ങളുടെ മുറിക്കകത്തു് കിട്ടിയവരെ നിങ്ങൾക്കു എങ്ങിനെ വേണമെങ്കിലും ശിക്ഷിക്കാം. എന്നിരുന്നാലും മനുഷ്യരോടു പെരുമാറുന്നതുപോലെയല്ല നിങ്ങൾ അവരോടു പെരുമാറുന്നതു്. നിങ്ങൾ അവരെ കുറ്റക്കാരാണെന്നുകണ്ടു് ശിക്ഷിക്കുന്നതുവരെ നിയമങ്ങളെല്ലാം കർശനമായിട്ടു പാലിച്ചുകൊള്ളുക. പക്ഷെ നിയമവിരുദ്ധമായി പെരുമാറാതിരിക്കുക, മനുഷ്യരോടു പെരുമാറുന്നതുപോലെ കുറ്റക്കാരായ മനുഷ്യരോടും പെരുമാറണമെന്നുള്ള ഒരേ അപേക്ഷയോടുകൂടി ഈ പ്രമേയം ഈ സഭയുടെ സ്വീകരണത്തിനായി ഇവിടെ സമർപ്പിച്ചുകൊള്ളുന്നു.

Mr. K. R. Viswambharan *(Ezhuvas-Talappalli):* I second the resolution.

Mr. A. B. Salem *(Mattancheri):* I wish to support this resolution. The conditions of the sub-jails today are obnoxiously repulsive. They have been built perhaps in prehistoric days and are continued even to the present day. Ventilation is perhaps nil. Accommodation is very limited. Sometimes in places where you can put only 2 or 4, you are putting 20 individuals and with very nasty consequences of people fainting and getting sick, and then afterwards Government have to spend upon them to take care of their lives. Recently, there have been some unfortunate occurrences in the State of which I do not wish to say here. The consequence

LIBRARY ARCHIVES Kerala Legislative Assembly